കണ്ണൂർ-2018 വരെയുള്ള എല്ലാ നിയമനങ്ങളിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡ്- 2018 ജൂൺ വരെയുള്ള എല്ലാ നിയമനങ്ങളിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

184(2540) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ കുന്നം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടത്തിനായി തുക അനുവദിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് അധിക തുക ആവശ്യമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

അധിക തുക ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഉദുമ മണ്ഡലത്തിലെ സർക്കാർ സ്കൂളുകൾക്ക് പുതിയ കെട്ടിടം

185(2541) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ ജി.വി.എച്ച്.എസ്.എസ്. ഇരിയണ്ണി, ജി.എച്ച്.എസ്.എസ്. ചെമ്മനാട്, ജി.എച്ച്.എസ്.എസ്. പള്ളിക്കര എന്നീ സർക്കാർ വിദ്യാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ച മൂന്ന് കോടി രൂപയുടെ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ എസ്.പി.വി. ആയ കിറ്റ്കോ ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ ഇതുവരെയായി ടെണ്ടർ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ ഉദുമ മണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ജി.വി.എച്ച്.എസ്.എസ്. ഇരിയണ്ണി, ജി.എച്ച്.എസ്.എസ്. ചെമ്മനാട് എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ജി.എച്ച്.എസ്.എസ്.പള്ളിക്കരയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ സ്കൂളുകളുടെ എസ്.പി.വി.-യായി ഇൻകലിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ പിന്നീട് എസ്.പി.വി-യായി കിലയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള തുടർ നടപടികളിലാണ്.

ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ

186(2542) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരുടെ സർവ്വീസ് പ്രശ്നങ്ങൾക്കും അവരുടെ പ്രൊമോഷൻ സാധ്യതയില്ലായ്മയ്ക്കും ശാശ്വതമായ പരിഹാരം കണ്ടെത്തുമോ;

&

(ബി) അഞ്ച് വർഷം സീനിയർ ആയ ജൂനിയർ അദ്ധ്യാപകരെ സീനിയർ തസ്തികയിലേയ്ക്ക് പ്രൊമോട്ട് ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഒരേ റാങ്ക് ലിസ്റ്റിൽനിന്നും സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർ പല തട്ടിലാകുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി-മാരിൽനിന്നും എച്ച്.എം.-മാരിൽനിന്നുമാണ്. ടി ആളുകൾക്ക് മിനിമം 12 വർഷത്തെ അദ്ധ്യാപന പരിചയം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എച്ച്.എസ്.എസ്.ടി. തസ്തികയിലെ

LIBRARY ARCHIVES Kerala Legislative Assembly